III. CALLING ATTENTION UNDER RULE 61

STRIKE BY THE PHYSICAL EDUCATION INSTRUCTORS

ഡെപ്യൂട്ടി സ്പീക്കർ: കേരളത്തിലെ ഫിസിക്കൽ എഡ്യൂക്കേഷൻ അദ്ധ്യാപകർ പ്രത്യക്ഷ സമരപരിപാടികളും കൈക്കൊള്ളാൻ പോകുന്നതിനാലുണ്ടാകുന്ന ഗുരുതരാവസ്ഥ ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെടുത്താൻ ശ്രീ. എ. കെ. അപ്പു റൂൾ 61 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീ. എ. കെ. അപ്പു: സർ, കേരളത്തിലെ ഫിസിക്കൽ എഡ്യൂക്കേഷൻ അദ്ധ്യാപകർ ഇന്നലെ മുതൽ ഒരു സമരത്തിൽ പ്രവേശിച്ചിരിക്കുകയാണ്. ഇന്നലെ തലശ്ശേരി വിദ്യാഭ്യാസജില്ലയിലെ ആളുകളും നിരാഹാര സത്യാഗ്രഹം നടത്തി. ഓരോ ജില്ലയായിട്ടു 24 ജില്ലയിലെ അദ്ധ്യാപകരും ഈ സമരത്തിൽ പങ്കെടുക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അതിനുശേഷവും ഗവൺമെൻറ് ഈ കാര്യത്തിൽ ശ്രദ്ധിക്കുന്നില്ലെങ്കിൽ കൂട്ടപ്പിക്കറ്റിംഗ് മുതലായ സമരപരിപാടികളും ആരംഭിക്കാൻ അവർ ഉദ്ദേശിക്കുന്നുണ്ട്. ഫിസിക്കൽ എഡ്യൂക്കേഷൻ അദ്ധ്യാപകരുടെ നില വളരെ ദയനീയമാണ്. 'ഹൈസ്കൂളുകളിൽ പ്രവർത്തിക്കുക, യു. പി. സ്കൂളുകളിൽനിന്നു ശമ്പളം വാങ്ങുക' ഇതാണ് ഇന്ന് അവരുടെ നില. ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം അവർ ഗവൺമെൻറിലേക്കു നിവേദനം കൊടുത്തിരുന്നു. ഗവൺമെൻറ് അനുഭാവപൂർവം അവർ ഹൈസ്കൂളുകളിൽ പ്രവർത്തിക്കുന്നതിനു കൽപ്പന കൊടുത്തു. ഈ കൽപ്പന വിശേഷിച്ചും ഗവൺമെൻറ് സ്കൂൾ ഹെഡ്മാസ്റ്റർമാർ അനുസരിച്ചിട്ടില്ല. ഞാൻതന്നെ ഒരു ഹെഡ്മാസ്റ്ററെ കണ്ടു സംസാരിച്ചതിൽ, കൽപ്പനയല്ല പ്രധാനം, എവിടെ പ്രവൃത്തിയെടുക്കുന്നു എന്നതാണ് പരിഗണിക്കുക എന്നു പറയുകയുണ്ടായി. ഹൈസ്കൂളിൽ ജോലിയുണ്ടെങ്കിലും യു.പി.സ്കൂളുകളിൽനിന്നു ശമ്പളം കൊടുക്കുന്ന ക്ലർപ്പാടാണ് നടക്കുന്നത്. ഫിസിക്കൽ എഡ്യൂക്കേഷൻ സംഘടനാ സെക്രട്ടറി പോലും ഹൈസ്കൂളിൽ പഠിപ്പിക്കുകയും, യു. പി. സ്കൂളിൽനിന്നു ശമ്പളം വാങ്ങുകയും ചെയ്യുകയാണ്. ഇങ്ങനെ ഒരു വമ്പിച്ച അനീതി ഈ രംഗത്തു നടക്കുകയാണ്. ഇതിനു കാരണമായി പറയുന്നത്, ഇവർക്കു ഹൈസ്കൂളിൽനിന്നു ശമ്പളം കൊടുത്താൽ ഹൈസ്കൂളുകളിലെ മറ്റദ്ധ്യാപകരെപ്പോലെ ശമ്പളം കൊടുക്കേണ്ടിവരുമെന്നാണ്. ഈ കാര്യം അനുഭാവപൂർവം പരിഗണിക്കേണ്ടതാണ്. ഹൈസ്കൂളിൽ ജോലി ചെയ്താൽ അവർക്കു ഹൈസ്കൂളിലെ മറ്റദ്ധ്യാപകരെപ്പോലെ ശമ്പളം കൊടുക്കേണ്ടതു നീതി മാത്രമാണ്. എന്നു മാത്രമല്ല, ഈ തത്വം അംഗീകരിച്ചുകൊണ്ട് കുറെ ഫിസിക്കൽ എഡ്യൂക്കേഷൻ അദ്ധ്യാപകരെ ഹൈസ്കൂളുകളിൽ നിയമിച്ചു ശമ്പളം കൊടുത്തിരുന്നു. പേക്കമ്മീഷനും അവർക്കു ഹൈസ്കൂളുകളിൽ ശമ്പളം വർദ്ധിപ്പിച്ചിട്ടുണ്ട്. ഇനി ഒറയാളിനേയും കൂടുതലായിട്ടു എടുക്കാൻ നിവൃത്തിയില്ല എന്നൊരു നിലപാടാണ് ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ളത്. ഈ കാര്യത്തിൽ ഗവൺമെൻറിന്റെ അനുഭാവപൂർണ്ണമായ പരിഗണന ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: സർ, ഇതിനെപ്പറ്റി പഠിച്ചിട്ട് നാളെ ഒരു പ്രസ്താവന ചെയ്യാം.

ഡെപ്യൂട്ടി സ്പീക്കർ: കാഞ്ഞിരപ്പള്ളിയിൽ 12-10-1969-ൽ നടന്ന, കേരള സോഷ്യലിസ്റ്റ് യുവജന ഫെഡറേഷന്റെ മീറ്റിംഗിലെ വാളണ്ടി

LIBRARY ARCHIVES Kerala Legislative Assembly

യർമാർ യാതൊരു പ്രകോപനവും കൂടാതെ സ്ഥലത്തുള്ള കടകളും ഹോട്ടലുകളും തല്ലിത്തകർക്കുകയും ആളുകളെ ദേഹോപദ്രവം ഏൽപ്പിക്കുകയും ചെയ്തതിനെത്തുടർന്നു സ്ഥലവാസികളുടെ ഇടയിൽ ഉണ്ടായിരിക്കുന്ന ഭീതിയും അരക്ഷിതാവസ്ഥയും ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ശ്രീ. കെ. എം. ജോർജ്ജ് റൂൾ 61 അനുസരിച്ച് ഒരു നോട്ടീസ് തന്നിട്ടുണ്ട്.

നെടുമങ്ങാട് താലൂക്കിലുള്ള ഭൂമിപതിവ് സ്പെഷ്യലാഫീസ് നിറുത്തലാക്കുന്നതിനുള്ള തീരുമാനത്തെത്തുടർന്നു സ്ഥലവാസികൾക്കുണ്ടായിട്ടുള്ള വൈഷമ്യങ്ങൾ ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെടുത്താൻ ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ളയും ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

ഈ രണ്ടു നോട്ടീസുകളും ആവശ്യമായ നടപടികൾക്കായി ബന്ധപ്പെട്ട മന്ത്രിമാർക്ക് അയച്ചു കൊടുക്കുന്നതാണ്.

IV. QUESTION OF PRIVILEGE

Deputy Speaker: Order, Order. Shri K. Karunakaran has given a notice under Rule 148, seeking the Speaker's consent for raising a question involving a breach of privilege of this Assembly. It is based on a report published in Navakeralam Daily dated 6th September 1969.

According to the member, the report casts aspersions on and impute motives to the action of the Speaker of this Assembly. "It questions the Speaker's bona fides. This is derogatory to the prestige and honourable position of the Speaker of an august body like this Legislative Assembly."

I am referring this to the Privileges Committee.

ശ്രീ. ഇ. അഹമ്മദ്: ബഹുമാനപ്പെട്ട തൊഴിൽമന്ത്രി കഴിഞ്ഞ ദിവസം ബിസിനസ് അഡ്വൈസറി കമ്മിറ്റിയിൽവെച്ച് ഉപയോഗിച്ച ചില നിർഭാഗ്യകരമായ പദങ്ങൾ സഭയുടെ അന്തസ്സിനെ ബാധിക്കുന്നതായതുകൊണ്ട് അതു സംബന്ധിച്ച് ഒരു പ്രിവിലേജ് മോഷൻ നോട്ടീസ് അയച്ചിരുന്നു.

ഡെപ്യൂട്ടി സ്പീക്കർ: അതിനെ സംബന്ധിച്ചിടത്തോളം സഭാനേതാവ് പ്രസ്താവിക്കുന്നതാണ്.

ശ്രീമതി കെ. ആർ. ഗൗരി: സർ, ഈ സഭാനടപടികൾ സുഗമമായി നടത്താൻ ഉതകുന്ന വിധത്തിൽ, ഈ സഭയുടെ എല്ലാ ഭാഗത്തുനിന്നുമുണ്ടായ അഭിപ്രായങ്ങളെ ആദരിച്ച് ബഹുമാനപ്പെട്ട ലേബർ മിനിസ്റ്റർ ഖേദപ്രകടനം നടത്തി ഈ പ്രശ്നം അവസാനിപ്പിക്കണമെന്നു ഞാൻ അദ്ദേഹത്തോടഭ്യർത്ഥിക്കുകയാണ്.

ശ്രീ. മത്തായി മാഞ്ഞൂരാൻ: ഈ പ്രശ്നത്തിൽ ഞാൻ ഖേദം പ്രകടിപ്പിച്ചുകൊള്ളുന്നു.

ശ്രീ. ഇ. അഹമ്മദ്: ബഹുമാനപ്പെട്ട മന്ത്രി ഖേദം പ്രകടിപ്പിച്ചതിന്റെ വെളിച്ചത്തിൽ എന്റെ മോഷൻ പ്രസ് ചെയ്യുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly